REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 13-12-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **തദ്ദേശ തിരഞ്ഞെടുപ്പിൽ നേട്ടവുമായി UDF. 941 ഗ്രാമപഞ്ചായത്തുകളിൽ 457 ഇടത്ത് UDF മുന്നേറ്റം. LDF 374 പഞ്ചായത്തുകളിൽ മുന്നേറുന്നു. NDA 26 പഞ്ചായത്തുകളിലും മുന്നിട്ട് നിൽക്കുന്നു.**
- **കോർപ്പറേഷനുകൾ പിടിച്ചെടുത്ത് UDF. ആറിൽ നാലിലും UDFന് ആധിപത്യം. തിരുവനന്തപുരത്ത് NDA.**
- **2001-ലെ പാർലമെന്റ് ഭീകരാക്രമണത്തിനിടെ ജീവൻ ബലിയർപ്പിച്ച സുരക്ഷാ സേനാംഗങ്ങൾക്ക് രാഷ്ട്രം ആദരാഞ്ജലി അർപ്പിച്ചു.**
- **30-ാമത് കേരളാ രാജ്യാന്തര ചലച്ചിത്ര മേള തിരുവനന്തപുരത്ത് പുരോഗമിക്കുന്നു.**
- **സൂപ്പർലീഗ് കേരള ഫുട്ബോൾ രണ്ടാം സീസൺ സെമിഫൈനൽ മത്സരങ്ങൾ നാളെ തുടങ്ങും.**

## വാർത്തകൾ വിശദമായി

ലക്ഷദ്വീപിൽ കേന്ദ്ര ഫിഷറീസ് - മൃഗസംരക്ഷണ- ക്ഷീരവികസന മന്ത്രാലയം സംഘടിപ്പിക്കുന്ന നിക്ഷേപക സംഗമം ആരംഭിച്ചു. ബങ്കാരം ദ്വീപിലെ സംഗമത്തിൽ രാജ്യത്തെ 35 ലേറെ പ്രമുഖ നിക്ഷേപകർ പങ്കെടുക്കുന്നുണ്ട്.

✪✪✪

തദ്ദേശ പൊതു തിരഞ്ഞെടുപ്പിൽ നേട്ടവുമായി UDF. 941 ഗ്രാമപഞ്ചായത്തുകളിൽ 457 ഇടത്ത് UDF ആണ് മുന്നേറുന്നത്. LDF 374 പഞ്ചായത്തുകളിലും മുന്നേറുന്നു. NDA 26 പഞ്ചായത്തുകളിൽ മുന്നിട്ട്

നിൽക്കുകയാണ്. കക്ഷിരഹിതരും മറ്റ് കക്ഷികളും 9 പഞ്ചായത്തുകളിൽ മുന്നേറുന്നു.

152 ബ്ലോക്ക് പഞ്ചായത്തുകളിൽ 77 ഇടത്തും UDF ലീഡ് നേടിയപ്പോൾ 67 ഇടത്താണ് LDF ന്റെ മുന്നേറ്റം. ജില്ലാ പഞ്ചായത്തുകളിൽ ഇരു മുന്നണികളും ഏഴ് വീതം ജില്ലകളിൽ ഒപ്പത്തിനൊപ്പമാണ്. 87 മുൻസിപ്പാലിറ്റികളിൽ UDF 54 ഇടത്തും LDF 29 ഇടത്തും മുന്നേറുമ്പോൾ 2 മുൻസിപ്പാലിറ്റികളിൽ NDA ആണ് മുന്നിൽ.

ആറ് കോർപ്പറേഷനുകളിൽ നാലിടത്തും UDFനാണ് ആധിപത്യം. തിരുവനന്തപുരത്ത് NDA യും കോഴിക്കോട്ട് LDF മാണ് മുന്നിൽ. കൊല്ലം, കൊച്ചി, തൃശൂർ, കണ്ണൂർ കോർപ്പറേഷനുകൾ UDF നൊപ്പമാണ്.

✪✪✪

കണ്ണൂർ കോർപ്പറേഷനിൽ UDF വ്യക്തമായ ഭൂരിപക്ഷത്തിലേക്ക്.

വിവരങ്ങളുമായി ആകാശവാണി കണ്ണൂർ പ്രതിനിധി കെ ഒ ശശിധരൻ.

---------- (വോയ്സ്) -----------------

✪✪✪

കോഴിക്കോട് കോർപ്പറേഷനിൽ LDF നാണ് മുന്നേറ്റം.

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി നസീർ ബാബു.

----------(വോയ്സ്)------------

✪✪✪

തൃശൂരിൽ മികച്ച മുന്നേറ്റം നേടിയ UDF പ്രവർത്തകർ ആഹ്ലാദപ്രകടനം തുടങ്ങി.

വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ഭരിത പ്രതാപ്.

---------------- (വോയ്സ്) -----------------------

✪✪✪

കാസറഗോഡ് ജില്ലാപഞ്ചായത്തിൽ UDF ന് മുന്നേറ്റം.

വിവരങ്ങളുമായി ആകാശവാണി പ്രതിനിധി പി. ജഗന്നവാസൻ.

-------------- (വോയ്സ്) ---------------

✪✪✪

തിരുവനന്തപുരം കോർപ്പറേഷനിലെ മുട്ടടയിൽ UDF സ്ഥാനാർത്ഥി വൈഷ്ണ സുരേഷിന് മികച്ച ജയം. വോട്ടർപട്ടികയിലെ പേര് സംബന്ധിച്ച് പരാതി ഉയർന്നതിന് പിന്നാലെ വൈഷ്ണയുടെ സ്ഥാനാർത്ഥിത്വത്തിൽ അനിശ്ചിതത്വമുണ്ടായിരുന്നു. പിന്നീട് തിരഞ്ഞെടുപ്പ് കമ്മീഷൻ ഇടപെട്ടതിന് പിന്നലെയാണ് വൈഷ്ണ തിരഞ്ഞെടുപ്പ് രംഗത്തേക്ക് തിരിച്ചെത്തിയത്. LDF സ്ഥാനാർത്ഥി അംശു വാമദേവനെ 397 വോട്ടുകൾക്ക് പരാജയപ്പെടുത്തിയാണ് വൈഷ്ണയുടെ ജയം.

✪✪✪

കോഴിക്കോട് കോർപറേഷൻ വോട്ടെണ്ണൽ കേന്ദ്രമായ നടക്കാവ് ഗവണ്മെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് മുമ്പിൽ സംഘർഷം. റോഡിൽ തടിച്ചുകൂടിയ പ്രവർത്തകർ കക്ഷിതിരിഞ്ഞ് ആഹ്ലാദപ്രകടനം നടത്തുന്നതിനിടയിലാണ് LDF - NDA പ്രവർത്തകർ തമ്മിൽ ഉന്തും തള്ളുമുണ്ടായത്. പ്രവർത്തകരെ പോലീസ് സംഭവസ്ഥലത്തുനിന്ന് മാറ്റിയതിനാൽ സംഘർഷാവസ്ഥയ്ക്ക് അയവുണ്ടായി.

✪✪✪

കോൺഗ്രസ് ഏറ്റവും വലിയ മുന്നേറ്റം ഉണ്ടാക്കിയ കാലഘട്ടത്തിൽ പോലും കിട്ടാത്ത മുന്നേറ്റമാണ് കോർപ്പറേഷനുകളിൽ ഉണ്ടായതെന്ന് AICC ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ വിലയിരുത്തി. UDF ന്റെ കൂട്ടായ പരിശ്രമത്തിന്റെ ഫലമാണ് വിജയമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

കേരളത്തിലെ ഭരണമാറ്റത്തിന്റെ വ്യക്തമായ സൂചനയാണ് തദ്ദേശ തെരഞ്ഞെടുപ്പിലെ UDF മുന്നേറ്റമെന്ന് മുസ്ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖ് അലി ശിഹാബ്തങ്ങൾ പറഞ്ഞു. UDF-ന്റേത് മികച്ച മുന്നേറ്റമാണെന്നും അദ്ദേഹം മലപ്പുറത്ത് മാധ്യമങ്ങളോട് പ്രതികരിച്ചു.

UDF ന്റെ കൂട്ടായ പ്രവർത്തന മികവാണ് തെരഞ്ഞെടുപ്പിലെ മുന്നേറ്റമെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് കണ്ണൂരിൽ പറഞ്ഞു. ഈ വിജയം മുന്നണി പ്രതീക്ഷിച്ചതാണെന്നും അദ്ദേഹം വെളിപ്പെടുത്തി.

✪✪✪

തിരഞ്ഞെടുപ്പ് വിജയാഹ്ളാദ പ്രകടനങ്ങളിൽ സ്ഥാനാർത്ഥികളും രാഷ്ട്രീയ പാർട്ടികളും മിതത്വം പാലിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു. തിരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റച്ചട്ടം ഡിസംബർ 18 വരെ

നിലവിലുണ്ടെന്ന് കമ്മീഷൻ ഓർമ്മിപ്പിച്ചു. പൊതുനിരത്തുകളിലും കവലകളിലും ഗതാഗത തടസ്സമുണ്ടാക്കാനോ, ശല്യം ചെയ്യുന്ന തരത്തിൽ ഉച്ചഭാഷിണികൾ ഉപയോഗിക്കാനോ പാടില്ല. പടക്കങ്ങൾ നിയമാനുസൃതമായി മാത്രമേ ഉപയോഗിക്കാവൂ. ഹരിതച്ചട്ടവും, ശബ്ദനിയന്ത്രണ, പരിസ്ഥിതി നിയമങ്ങളും ആഹ്ളാദപ്രകടനങ്ങളിൽ കർശനമായി പാലിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.

✪✪✪

2001-ലെ പാർലമെന്റ് ഭീകരാക്രമണത്തിനിടെ ജീവൻ ബലിയർപ്പിച്ച സുരക്ഷാ സേനാംഗങ്ങൾക്ക് രാഷ്ട്രപതി ദ്രൗപദി മുർമു ആദരാഞ്ജലികൾ അർപ്പിച്ചു. ഇന്ത്യയുടെ ദേശീയ ചൈതന്യത്തെ നയിക്കുന്ന സൈനികരുടെ കർത്തവ്യ ബോധത്തിനും ആത്മ സമർപ്പണത്തിനും ത്യാഗത്തിനും രാഷ്ട്രം അഭിവാദ്യം അർപ്പിക്കുന്നതായി രാഷ്ട്രപതി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. രക്തസാക്ഷികളോടും അവരുടെ കുടുംബങ്ങളോടും രാജ്യം എന്നെന്നും കടപ്പെട്ടിരിക്കുന്നുവെന്ന് രാഷ്ട്രപതി പറഞ്ഞു. എല്ലാ ഭീകരതയ്ക്കെതിരേയും പോരാടാൻ ഇന്ത്യക്ക് ദൃഢനിശ്ചയമുണ്ടെന്ന് രാഷ്ട്രപതി പറഞ്ഞു.

✪✪✪

ഉപരാഷ്ട്രപതിയും രാജ്യ സഭാ ചെയർമാനുമായ CP രാധാകൃഷ്ണനും, പ്രധാനമന്ത്രി നരേന്ദ്രമോദിയും, ലോക് സഭാ സ്പീക്കർ ഓം ബിർള, കേന്ദ്രമന്ത്രിമാരായ പീയുഷ് ഗോയൽ, ജിതേന്ദ്ര സിംഗ്, കിരൺ റിജിജു, അർജ്ജുൻ റാം മെഘ്‌വാൾ എന്നിവർ പാർലമെന്റ് മന്ദിരത്തിലെ സ്മൃതി മണ്ഡപത്തിൽ രക്തസാക്ഷികൾക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. ലോക് സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, മുതിർന്ന കോൺഗ്രസ് നേതാവ് സോണിയ ഗാന്ധി, പാർലമെന്റ് അംഗങ്ങൾ തുടങ്ങിയവരും രക്തസാക്ഷികൾക്ക് ആദരം അർപ്പിച്ചു.

2001 ഡിസംബർ 13 നാണ് ഇന്ത്യയെ ഞെട്ടിച്ച പാർലമെന്റ് ആക്രമണമുണ്ടായത്. ജെയ്ഷെ മുഹമ്മദ് ഭീകരരുടെ ആക്രമണത്തിൽ ആറ് സുരക്ഷാസേനാംഗങ്ങൾക്കും, പൂന്തോട്ടജീവനക്കാരനുമാണ് ജീവൻ നഷ്ടമായത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ ജോർദാനും - എത്യോപ്യയും സന്ദർശിക്കും. ജോർദാൻ രാജാവ് അബ്ദുല്ല രണ്ടാമൻ ബിൻ അൽഹുസൈന്റെ ക്ഷണപ്രകാരമാണ് രണ്ടുദിവസത്തെ ജോർദാൻ സന്ദർശനമെന്ന് വിദേശകാര്യ മന്ത്രാലയ സെക്രട്ടറി ഡോക്ടർ നീന മൽഹോത്ര പറഞ്ഞു. ഇരു രാജ്യങ്ങളും തമ്മിൽ നയതന്ത്രബന്ധം സ്ഥാപിച്ചതിന്റെ 75 ആം

വാർഷികത്തോടനുബന്ധിച്ചാണ് പ്രധാനമന്ത്രിയുടെ സന്ദർശനം. പര്യടനത്തിന്റെ രണ്ടാം ഘട്ടത്തിൽ ചൊവ്വ,ബുധൻ ദിവസങ്ങളിലാണ് എത്യോപ്യൻ സന്ദർശനം.

✪✪✪

ഇന്ത്യയിൽതന്നെ യാത്രാവിമാനങ്ങൾ നിർമ്മിക്കുന്ന പദ്ധതിക്ക് ഗവൺമെന്റ് തുടക്കം കുറിച്ചതായി സിവിൽ വ്യോമയാന മന്ത്രി K രാം മോഹൻ നായിഡു ലോക്സഭയെ അറിയിച്ചു. റഷ്യൻ വിമാനക്കമ്പനി സുഖോയ് SJ -100 മായി ചേർന്ന് വിമാനങ്ങൾ നിർമ്മിക്കുന്നതിന്റെ സാധ്യത ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡ് പരിശോധിച്ചുവരികയാണ്. വ്യോമയാന മേഖലയിലെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്ക് ഇന്ത്യയിൽത്തന്നെ നിർമ്മിക്കുന്ന വിമാനങ്ങൾ വേണമെന്നും അദ്ദേഹം പറഞ്ഞു.

അസാധാരണ സാഹചര്യങ്ങളിൽ വിമാനനിരക്ക് ക്രമീകരിക്കാൻ ഗവൺമെന്റിന് അധികാരമുണ്ടെന്നും, അതിന്റെ ഭാഗമായാണ് അടുത്തയിടെ ഉണ്ടായ ഇൻഡിഗോ പ്രതിസന്ധിയിൽ ടിക്കറ്റ് നിരക്ക് വർദ്ധന നിയന്ത്രിച്ചതെന്നും നായിഡു പറഞ്ഞു. ടിക്കറ്റ് ബുക്ക് ചെയ്യുമ്പോൾ തന്നെ താരിഫ് ഷീറ്റും പ്രദർശിപ്പിക്കണമെന്ന് വിമാനക്കമ്പനികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിരക്കുവർദ്ധനയിലേക്കു നയിക്കുന്ന വിമാന ഇന്ധനത്തിന്റെ നികുതിനിരക്ക് കുറയ്ക്കാൻ സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

ഇന്ത്യൻ സൈന്യത്തിലേക്ക് 491 യുവ ഓഫീസർമാരെ കൂടി ഉൾപ്പെടുത്തി. ഡെറാഡൂണിലെ ഇന്ത്യൻ മിലിട്ടറി അക്കാദമിയിലായിരുന്നു കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡ്. പരിശീലനം പൂർത്തിയാക്കിയ 525 കേഡറ്റുകളിൽ 34 പേർ സൗഹൃദ രാജ്യങ്ങളിലെ പഠിതാക്കളായിരുന്നു. കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി പരേഡ് പരിശോധിച്ചു.

✪✪✪

ഹിമാചൽ പ്രദേശിലെ BJP ആസ്ഥാന മന്ദിരത്തിന് പാർട്ടി അധ്യക്ഷനും, കേന്ദ്രമന്ത്രിയുമായ JP നദ്ദ ഇന്ന് തറക്കല്ലിടും. ഷിംലയിലെ പീറ്റർ ഹോഫ് സമുച്ചയത്തിലാണ് തറക്കല്ലിടൽ ചടങ്ങ്.

✪✪✪

പുതിയ ലേബർ കോഡ് വ്യക്തവും സ്ഥിരതയും ഭാവിയിലെ ആവശ്യങ്ങൾക്കനുസൃതമായ നിയമചട്ടക്കൂട് സൃഷ്ടിയ്ക്കാനും രൂപകൽപ്പന ചെയ്തതാണെന്ന് തൊഴിൽ മന്ത്രാലയത്തിലെ മുതിർന്ന ഉപദേഷ്ടാവ്

അലോക് ചന്ദ്ര അഭിപ്രായപ്പെട്ടു. ന്യൂഡൽഹിയിൽ ആൾ ഇന്ത്യ ഓർഗനൈസേഷൻ ഓഫ് എംപ്ലോയേഴ്സിന്റെ വാർഷിക കൺവെൻഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പുതിയ ലേബർ കോഡുകൾ ജനങ്ങളുടെ ബിസ്സിനസ്സ് ആവശ്യങ്ങളും തൊഴിലാളിക്ഷേമവും സന്തുലിതമാക്കുമെന്നും അലോക് ചന്ദ്ര പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ഇന്നലെ വൈകിട്ട് ആറ് വരെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം രണ്ട് കോടി 76 ലക്ഷത്തി 86,445 കവിഞ്ഞെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. വിതരണം ചെയ്ത ഫോമുകളുടെ 99.41 ശതമാനമാണിത്.

വോട്ടർമാരെ കണ്ടെത്താൻ കഴിയാത്ത ഫോമുകളുടെ എണ്ണം 24 ലക്ഷത്തി 54,000 ത്തോട് അടുത്തെന്നും അദ്ദേഹം പറഞ്ഞു. ഫോമുകൾ മടക്കി നൽകാത്തവർ എത്രയും വേഗം അവ പൂരിപ്പിച്ച് BLO മാരെ ഏല്പിക്കണമെന്നും ഡോ കേൽക്കർ അഭ്യർത്ഥിച്ചു.

✪✪✪

കേരളമടക്കം തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണം പുരോഗമിക്കുന്ന എട്ട് സംസ്ഥാനങ്ങളിൽ നിരീക്ഷിക്കാൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ സ്പെഷ്യൽ റോൾ ഒബ്സർവർ- മാരെ നിയമിച്ചു. അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുന്നതു വരെ ഇവരുടെ സാന്നിധ്യം സംസ്ഥാനങ്ങളിൽ തുടരും.

✪✪✪

ഛത്തീസ്ഗഡിൽ ബസ്തർ ഒളിമ്പിക്സിന്റെ സമാപന ചടങ്ങിൽ ആഭ്യന്തരമന്ത്രി അമിത്ഷാ ഇന്ന് പങ്കെടുക്കും. ബസ്തർ ജില്ലാ ആസ്ഥാനമായ ജഗ്ദൽ പൂരിൽ ഉച്ച കഴിഞ്ഞാണ് സമാപന ചടങ്. ഒരു കാലത്തു നക്സൽ ആസ്ഥാനമായിരുന്ന ബസ്തർ ഇപ്പോൾ അതിൽ നിന്ന് മുക്തമായിക്കൊണ്ടിരിക്കുകയാണെന്ന് അമിത്ഷാ സാമൂഹിക മാധ്യമത്തിൽ കുറിച്ചു. മേഖലയിലെ യുവാക്കളുടെ കഴിവുകൾ വളർത്താനും പ്രദർശിപ്പിക്കാനും വേദിയാണ് ബസ്തർ ഒളിമ്പിക്സ് എന്നും അമിത് ഷാ പറഞ്ഞു

✪✪✪

കേരളത്തിന്റെ 30-ാമത് രാജ്യാന്തര ചലച്ചിത്ര മേള തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. ഇന്നലെ ഉദ്ഘാടന ചടങ്ങിന് ശേഷം ആൻമേരി ജാസിർ സംവിധാനം ചെയ്ത പലസ്തീൻ 36 എന്ന ചിത്രം നിശാഗന്ധിയിൽ പ്രദർശിപ്പിച്ചു.

മേളയുടെ രണ്ടാം ദിനമായ ഇന്ന് 72 ചിത്രങ്ങളാണ് പ്രദർശിപ്പിക്കുന്നത്. ഹോമേജ് വിഭാഗത്തിൽ MT വാസുദേവൻ നായരുടെ നിർമ്മാല്യവും ഇറ്റാലിയൻ സംവിധായകൻ ഫെഡറിയ്ക്കോ ഫെല്ലിനിയുടെ ഓസ്ക്കാർ ചിത്രം- 8 ആൻഡ് ഹാഫ്, സ്വീഡിഷ് സംവിധായകൻ താരിഖ് സലേഖിന്റെ ഈഗിൾ ഓഫ് ദി റിപ്പബ്ലിക്ക് എന്നിവ ഇവയിൽ ഉൾപ്പെടുന്നു. അന്താരാഷ്ട്ര മത്സര വിഭാഗത്തിൽ, ഫുൾ പ്ളേറ്റ്, ബ്ലാക് റാബിറ്റ്സ് വൈറ്റ് റാബിറ്റ്സ്, ഇഫ് ഓൺ എ വിന്റേഴ്സ് നൈറ്റ് , ദി ഹീഡ്ര, ബിഫോർ ദി ബോഡി എന്നീ ചിത്രങ്ങളും പ്രദർശനത്തിനുണ്ട്.

✪✪✪

സൂപ്പർലീഗ് കേരള ഫുട്ബോൾ രണ്ടാം സീസൺ സെമിഫൈനൽ മത്സരങ്ങൾ നാളെ തുടങ്ങും. നിലവിൽ ചാമ്പ്യൻമാരായ കലിക്കറ്റ് FC യും, കണ്ണൂർ വാരിയേഴ്സും ആദ്യസെമിയിൽ കോഴിക്കോട്ട് ഏറ്റുമുട്ടും. വൈകിട്ട് ഏഴരയ്ക്ക് EMS സ്റ്റേഡിയത്തിലാണ് മത്സരം.

രണ്ടാം സെമിയിൽ മറ്റന്നാൾ മലപ്പുറം FC, തൃശൂർ മാജിക് FC യെ നേരിടും. തൃശൂർ കോർപറേഷൻ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

*News Editor: വി കെ സുരേഷ്, News Reader: അനിൽ ചന്ദ്രൻ,NRTs : സിയാബ് ടി പി, ഹബീബ് റഹ്മാൻ DEO: സി കെ സുബോധ്*